# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2603 13.03.2020 ൽ മറുപടിക്ക്**

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകൾ**

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്ക് എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനം നടത്തുമ്പോഴുള്ള എല്ലാ ഉത്തരവാദിത്വവും കിഫ്ബി പദ്ധതിയിൽ ചുമതലപ്പെടുത്തിയ പ്രവൃത്തികളിലും പാലിക്കേണ്ടതാണ്. |
| (ബി) പല സ്ഥലങ്ങളിലും കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിലെ മെല്ലെപോക്കും ഗുണനിലവാരത്തിലുള്ള ന്യൂനതകളും ചൂണ്ടിക്കാട്ടി 10 പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായി. |
| (സി) പ്രസ്തുത അപാകതകൾ തിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കിഫ്ബിയിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) ഇല്ല.<br>കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും കരാറുകാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും, ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയുടെ പുരോഗതി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നിർത്തിവെച്ച 10 പ്രവൃത്തികളിൽ 9 പ്രവൃത്തികളുടെയും ഒബ്സർവേഷൻ മെമ്മോയിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് കിഫ്ബിയിൽ |

സമർപ്പിക്കുകയും, അതുപ്രകാരം ആ പ്രവൃത്തികളുടെ സ്റ്റോപ്പ് മെമ്മോ കിഫ്ബി പിൻവലിക്കുകയും അതിൻ പ്രകാരം പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എം.ഇ.എസ് കോളേജ്-പയ്യനാടം റോഡിന്റെ സ്റ്റോപ്പ് മെമ്മോ മാത്രമാണ് നിലവിൽ പിൻവലിക്കാത്തത്. ഒബ്സർവേഷൻ മെമ്മോയിലെ എല്ലാ നിർദ്ദേശങ്ങളും ഉടനടി പാലിച്ച് ആവശ്യമായ റിപ്പോർട്ട് രേഖകൾ സഹിതം നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**